**"ഭരണഭാഷ മാതൃഭാഷ"**

**ഭൂജലവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ജലവിജ്ഞാനഭവൻ,അമ്പലമുക്ക്, കവടിയാർ.പി.ഒ, തിരുവനന്തപുരം.**

**ഹാജർ: ശ്രീ. ജോൺ.വി.സാമുവൽ, ഐ.എ.എസ്**

ഭൂജല വകുപ്പ് – ജീവനക്കാര്യം – സീനിയർ ഡ്രില്ലർ - സ്ഥലം മാറ്റം – തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

---

**ഉത്തരവ് നമ്പർ ഇ(6) 2023/2022/ഡി.ജി.ഡബ്ല്യൂ തീയതി: 05-07-2022**

---

പരാമർശം : 1. ഈ കാര്യാലയത്തിലെ 04.07.2021 –ലെ ഇതേ നമ്പർ ഉത്തരവ്.

2. ശ്രീ. ഷിജു.കെ.കെ, സീനിയർ ഡ്രില്ലറുടെ 30.05.2022 –ലെ അപേക്ഷ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ ഓഫീസിലെ സീനിയർ ഡ്രില്ലറായ ശ്രീ. ആൽവിൻ.കെ.യു-വിനെ എറണാകുളം ജില്ലാ ഓഫീസിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി വിഷയം പരാമർശം (2) ലെ അപേക്ഷയുടേയും ഓഫീസ് രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. കെ.കെ.ഷിജു, ശ്രീ. ആൽവിൻ.കെ.യു എന്നിവർ 06.08.2021 FN –ലാണ് പാലക്കാട് ജില്ലാ ഓഫീസിൽ സീനിയർ ഡ്രില്ലർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. ഇതിൽ ശ്രീ. ആൽവിൻ.കെ.യു പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിലും ശ്രീ. കെ.കെ.ഷിജു ബൈ പ്രമോഷൻ മുഖാന്തിരവുമാണ് സീനിയർ ഡ്രില്ലർ തസ്തികയിൽ പ്രവേശിച്ചത്. ഭൂജലവകുപ്പിൽ 02.09.2004- ന് ജോലിയിൽ പ്രവേശിച്ചിരുന്ന ശ്രീ. കെ.കെ.ഷിജുവിന് വകുപ്പിൽ 17 വർഷത്തെ സർവ്വീസ് സീനിയോറിറ്റിയുണ്ട്. ടിയാന്റെ വകുപ്പിലെ സർവ്വീസ് സീനിയോറിറ്റി കൂടി പരിഗണിച്ച് ശ്രീ.കെ.കെ.ഷിജുവിന്റെ പരാമർശം (2) പ്രകാരമുള്ള നിവേദനത്തിന് മുൻഗണനയ്ക്ക് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവിലെ ക്രമ നം. (5) ലെ പേരിൽ ശ്രീ.ആൽവിൻ.കെ.യു-വിന് പകരം ശ്രീ. കെ.കെ.ഷിജുവിനെ ഉൾപ്പെടുത്തി

ടി ഉത്തരവിലെ ക്രമ നം.(5) താഴെപ്പറയും പ്രകാരം തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

| ക്രമ നം. | പേര് | നിലവിലെ ആഫീസ് | സ്ഥലം മാറ്റി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 5 | ശ്രീ. ഷിജു.കെ.കെ | പാലക്കാട് | എറണാകുളം |

പരാമർശം (1) ലെ ഉത്തരവ് ഭേദഗതികളോടെ അപ്രകാരം നിലനിൽക്കുന്നതാണ്.

ഒപ്പ്

**ഡയറക്ടർ**

പകർപ്പ് – 1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

2. ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, തിരുവനന്തപുരം /കൊല്ലം / കോട്ടയം /ഇടുക്കി /എറണാകുളം/ പാലക്കാട് /മലപ്പുറം /വയനാട്.

3. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

വി-5-07